**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1642** **31-08-2022 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ കൃഷി വകുപ്പ് നടത്തിവരുന്ന പ്രവൃത്തികൾ ഏതെല്ലാം; ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | മങ്കട മണ്ഡലത്തിൽ കൃഷി വകുപ്പ് 2022-23 വർഷം നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ മണ്ഡലത്തിൽ ആകെ എത്ര കൃഷിഭവനുകളാണ് നിലവിലുള്ളത്; സ്വന്തമായി കെട്ടിടമില്ലാത്തവ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) | മങ്കട മണ്ഡലത്തിൽ ആകെ 7 കൃഷിഭവനുകൾ ഉണ്ട്. എല്ലാ കൃഷിഭവനുകളും പഞ്ചായത്ത് കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. |
| (സി) | കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്; മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകൾക്ക് പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്; | (സി) | 2022-23 വർഷം കൃഷി വകുപ്പ് നടപ്പിലാക്കുന്ന സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം ഒരു ജില്ലയിൽ 2 കൃഷിഭവനുകൾ എന്ന നിരക്കിൽ 28 കൃഷിഭവനുകളെ ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി 1000 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 കൃഷിഭവനുകളെ കൂടി സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിലെ ഏതെങ്കിലും കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്തെ 140 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മങ്കട നിയോജക മണ്ഡലത്തിൽ നിന്നും മങ്കട കൃഷിഭവനെ മലപ്പുറം ജില്ലയിൽ നിന്ന് ശുപാർശ്ശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പദ്ധതിയുടെ പേര് | ടാർഗറ്റ് | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കേര കേരളം സമൃദ്ധ കേരളം | WCT = 6794<br>Hybrid = 440<br>Dwarf = 225<br>ആകെ = 7459 എണ്ണം | പദ്ധതി പൂർത്തീകരിച്ചു. |
| 2 | വിള ആരോഗ്യ പദ്ധതി | നിരീക്ഷണ യൂണിറ്റിന് സഹായം 10 എണ്ണം<br>12500/- രൂപ | പദ്ധതി പുരോഗമിച്ചു വരുന്നു. |
| 3 | കൃഷി പാഠശാല | എണ്ണം - 1<br>തുക - 30,000 | പദ്ധതി പുരോഗമിച്ചു വരുന്നു. |
| 4 | ഓർഗാനിക് ഫാമിംഗ് | • പ്രൊമോഷൻ ഓഫ് ഓർഗാനിക് ഫാമിംഗ് പ്രാക്ടീസസ് ആന്റ് എൻകറേജിംഗ് പൾസസ് ആസ് ഗ്രീൻ മാന്വർ ക്രോപ്പ് 63 ഹെക്ടർ.<br>• ബയോ ഇൻപുട്ടുകളുടെ ഉൽപ്പാദനം 2 ഹെക്ടർ | പദ്ധതി പുരോഗമിച്ചു വരുന്നു. |
| 5 | സുഗന്ധ വ്യഞ്ജന വിളകളുടെ വികസനം | • വികേന്ദ്രീകൃത പെപ്പർ നഴ്സറി സ്ഥാപിക്കൽ 1 ഹെക്ടർ<br>• ഇഞ്ചി/മഞ്ഞളിന്റെ വ്യാപനം 12 ഹെക്ടർ | പദ്ധതി പുരോഗമിച്ചു വരുന്നു. |
| 6 | നെൽകൃഷി വികസനം | • സുസ്ഥിര നെൽകൃഷി വികസനം - 200 ഹെക്ടർ<br>• തരിശ് നെൽകൃഷി - 15 ഹെക്ടർ<br>• ഒരു പൂ ഇരു പൂ -5 ഹെക്ടർ | പദ്ധതി പുരോഗമിച്ചു വരുന്നു. |
| 7 | സോയിൽ ഹെൽത്ത് മാനേജ്മെന്റ് | സോയിൽ അമിലിയോറൻസ് - 300 ഹെക്ടർ | പദ്ധതി പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 8 | പച്ചക്കറി വികസന പദ്ധതി | വിത്ത് വിതരണം - 27750 എണ്ണം<br>തൈ വിതരണം - 72180 എണ്ണം<br>പെരിണിയൽ<br>തൈകൾ - 3870 എണ്ണം<br>മട്ടുപ്പാവിലെ കൃഷി - 200 എണ്ണം<br>ഇൻസ്റ്റിറ്റ്യൂഷണൽ<br>കൾട്ടിവേഷൻ - 1 എണ്ണം<br>ക്ലസ്റ്റർ -7 എണ്ണം<br>സ്റ്റാഗേർഡ് പന്തൽ -6 ഹെക്ടർ<br>സ്റ്റാഗേർഡ് നോൺ<br>പന്തൽ - 20 ഹെക്ടർ<br>പി.പി. എക്യുപ്മെന്റ് - 7 എണ്ണം<br>റെയിൻ ഷെൽട്ടർ - 300<br>സ്ക്വയർ മീറ്റർ<br>പമ്പ് സെറ്റ് - 25 എണ്ണം<br>പെർമനന്റ് പന്തൽ - 2 ഹെക്ടർ | പദ്ധതി പുരോഗമിച്ചു വരുന്നു. |